# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3663
### 23.08.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം നടപ്പിലാക്കുന്ന നടപടി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ.എ.പി. അനിൽകുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.പി. സജീന്ദ്രൻ** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി**<br>**ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കമോ; | സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ് മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. ധനകാര്യ ഇടപാടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധനകാര്യ വകുപ്പ്, ട്രഷറി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, അക്കൗണ്ടന്റ് ജനറൽ, മറ്റു വകുപ്പുകൾ എന്നിവരെ എല്ലാം ഉൾപ്പെടുത്തി സംയോജിതമായ രീതിയിൽ ധനകാര്യ ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനമാണിത്. ആധുനിക കാലഘട്ടത്തിന്റെ രീതികൾക്കനുസൃതമായി അക്കൗണ്ടിംഗ് പണ കൈമാറ്റ മാർഗ്ഗങ്ങളിലേയ്ക്ക് ധനകാര്യ ഇടപാടുകളെ എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പൂർണ്ണമായും വെബ് അധിഷ്ഠിതമായ ഓൺലൈൻ സംവിധാനത്തിലൂടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന IFMS ന് ഇടപാടുകൾ വേഗത്തിലും സുതാര്യവും കുറ്റമറ്റ രീതിയിലും നടത്തുവാൻ സാധിക്കുന്നതാണ്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് ഈ സിസ്റ്റം വഴി ലഭിക്കുന്നതെന്ന് വിവരിക്കുമോ; | ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷനും മറ്റ് അലവൻസുകളും, വെണ്ടർമാരുടെ പേയ് മെന്റ്, കോൺട്രാക്ടർമാരുടെ പേയ് മെന്റ് തുടങ്ങി സർക്കാരിൽ നിന്നും നൽകുന്ന എല്ലാത്തരം പേയ് മെന്റുകളും ഈ സംവിധാനത്തിലൂടെയാണ് നൽകുന്നത്. കൂടാതെ സർക്കാരിലേക്ക് അടയ് ക്കേണ്ടുന്ന എല്ലാ തുകകളും IFMS |

| | | |
|---|---|---|
| | | സംവിധാനത്തിന്റെ ഭാഗമായാണ് ട്രഷറികളിൽ സ്വീകരിക്കുന്നത്.<br>ഇതിന്റെ ഭാഗമായി ട്രഷറി സേവിങ്സ് ബാങ്ക്, കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറി കഴിഞ്ഞു ഇതുമൂലം റ്റി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഏത് ട്രഷറിയിൽ നിന്നും പണമിടപാടുകൾ നടത്തുവാൻ സാധിക്കുന്നതാണ്. |
| (സി) | എത്ര ട്രഷറികളിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്; ഇനി എത്ര ട്രഷറികളിൽ ഈ സംവിധാനം നടപ്പിലാക്കാനുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ